# Production Process

## ഉല്പാദനപ്രക്രിയയിലൂടെ

SOCIAL SCIENCE... CLASS 6




NILAMBUR SS TEACHERS

# ഉല്പാദനവും ഉല്പാദനഘടകങ്ങളും

- **വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വസ്തുക്കൾ**
- പെൻസിൽ
- പേന
- ബോക്സ്
- പുസ്തകം
- വാച്ച്
- പേപ്പർ



For more study materials send SMS to 8547378281 to join BIO-VISION'S Telegram/Whatsapp group

# സാധനങ്ങൾ (goods)

- മനുഷ്യന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ ഉപയോഗിക്കാവുന്നതും കാണാനും സ്പർശിക്കാനും കഴിയുന്നതുമായ വസ്തുക്കളൊണ് സാധനങ്ങൾ.
- Those things which are visible and tangible and can satisfy human wants are regarded as goods.

# സേവനങ്ങൾ (services

- മനുഷ്യന്റെ, ആവശ്യപൂർത്തീകരണത്തിന് സഹായിക്കുന്നതും സാധനങ്ങളെപ്പോലെ തൊട്ടറിയാൻ കഴിയാത്തതും എന്നാൽ അനുഭവിച്ചറിയാവുന്നതുമാണ് സേവനങ്ങൾ
- Services are invisible and intangible but can be experienced. Teaching is such a service. We also receive services from doctors, bank officers, etc.

# What is production?
# (എന്താണ് ഉല്പാദനം)

- *മനുഷ്യന്റെ, ആവശ്യപൂർത്തീകരണത്തിനുള്ള സാധനങ്ങളും സേവനങ്ങളും നിർമ്മിക്കുന്ന പ്രക്രിയയാണ് ഉല്പാദനം*
- *ഉല്പാദനഫലമായുാകുന്നതാണ് ഉല്പന്നം.*
- Production is the process of creating goods and services to satisfy human wants.
- Product is the result of the production process.

# നെല്ലിന്റെ വിവിധ ഘട്ടങ്ങൾ



# Find out the stages involved in producing paddy

- Ploughing
- Sowing seeds/planting seedlings
- Weeding
- Manuring
- Harvesting
- Threshing
- Collecting rice grains

## നെല്ലുൽപാദനം എന്ന പ്രക്രിയയിലെ ഘടകങ്ങൾ

- തൊഴിലാളികൾ
- പ്രകൃതിവിഭവങ്ങൾ (ഭൂമി, ജലം)
- മനുഷ്യ നിർമ്മിത വസ്തുക്കൾ (വളം , വിത്ത്,യന്ത്രങ്ങൾ)

- What are the factors involved in the process of paddy production?
- Labourers
- Natural resources (land, water,...)
- Man-made goods (fertilizers, seeds, agricultural equipments,...)

- The factors involved in the production process are called **factors of production.**
- ഒരു ഉല്പന്നത്തിന്റെ,ഉല്പാദനത്തിന് സഹായിക്കുന്ന വിവിധ ഘടകങ്ങളാണ് **ഉല്പാദന ഘടകങ്ങൾ**.
- ഉല്പാദന ഘടകങ്ങൾ(**factors of production)**



# ഉല്പാദന ഘടകങ്ങൾ(**factors of production** )

- ഭൂമി (Land)
- തൊഴിൽ (Labour)
- മൂലധനം (Capital)
- സംഘാടനം (Organization)

# ഭൂമി (Land)



ഭൂമിയുടെ അന്തർഭാഗ
ത്തുള്ള കൽക്കരിയുടെ
ഉല്പാദനം
ഉപരിതല
ത്തിലെ
ജലാശയം
ഉപരിതലത്തിലെ കൃഷി
(കരിമ്പ്)
പ്രകൃതിദത്ത വനം

- *സാധനങ്ങളുടെ* ഉല്പാദനത്തിന് ഉപയോഗിക്കുന്ന എല്ലാ പ്രകൃതിവിഭവങ്ങളും ഭൂമി എന്നതിൽപ്പെടും. ഭൗമോപരിതലത്തിലെയും ഭൗമാന്തരീക്ഷത്തി ലെയും ഭൗമാന്തർഭാഗത്തെയും എല്ലാ പ്രകൃതിവിഭവങ്ങളും ഉല്പാദനഘടകമായ ഭൂമി എന്നതിൽ പരിഗണിക്കും.
- All natural resources used in the production process are implied in the term land. All resources on earth are regarded as land.

**ഉല്പാദനഘടകമായ ഭൂമി എന്നതിൽ പരിഗണിക്കുന്ന പ്രകൃതിവിഭവങ്ങൾ (What all natural resources are included in 'land' as a factor of production?)**

- മണ്ണ് (Soil)
- ജലം(Water)
- വനങ്ങൾ(Forest)
- വായു (Air)
- കൽക്കരി (Coal)

# ഭൂമിയുടെ സവിശേഷതകൾ
# (features of land as a factor of production)

- പ്രകൃതിയുടെ വരദാനമാണ് ഭൂമി.
- എല്ലാ പ്രകൃതിവിഭവങ്ങളും (ഭൗമോപരിതലം, ഭൗമാന്ത രീക്ഷം, ഭൗമാന്തൾഭാഗം)ഉൾപ്പടും.
- ഭൂമിയിലെ കരഭാഗത്തിന്റെ, വിസ്തൃതി വർദ്ധിപ്പിക്കാനാവില്ല.
- ഒരു സ്ഥലത്തു നിന്ന് മറെറാരു സ്ഥലത്തേക്ക് ചലിപ്പിക്കാനാവില്ല.
- കരഭാഗത്തിന്റെ, ഫലഭൂയിഷ്ഠത വർദ്ധപ്പിക്കാം.
- ഉല്പാദനഘടകം എന്നനിലയിൽ ഭൂമിയുടെ പ്രതിഫല മാണ് പാട്ടം.

# Features of land

- The free gift of Nature
- The total availability of land is fixed.
- Land differs in fertility
- Land by   itself cannot produce anything.
- Land is a primary factor of production.
- Supply of land is fixed.

# തൊഴിൽ(**Labour)**

- *ഏതൊരു ഉല്പന്നത്തിന്റെയും ഉല്പാദനത്തിൽ സജീവമായി പ്രവർത്തിക്കുന്ന ഒരു ഘടകമാണ് തൊഴിൽ. തൊഴിലാളികൾ അവരുടെ അദ്ധ്വാനശേഷിയാണ് ഉല്പാദനത്തിനായി ഉപയോഗിക്കുന്നത്. സാധനങ്ങളും സേവനങ്ങളും ഉല്പാദിപ്പിക്കുന്നുതിന് തൊഴിലാളികൾ കായികവും മാനസികവും ബുദ്ധിപരവുമായി അധ്വാനശേഷി ഉപയോഗിക്കുന്നതിനെയാണ് തൊഴിൽ എന്നു പറയുന്നത്.
- *Labour is an active factor in the production of a product. The labourers use their manpower in the production process. The physical, mental, and intellectual skills of the workers are used to produce goods and services is rewarded, it is called labour



ഒരു കയർ ഉല്പന്ന നിർമ്മാണ യൂണിററ് സന്ദർശിച്ചാൽ തൊഴിലാളികൾ എന്തിനൊക്കെ അവരുടെ അദ്ധ്വാനശേഷി ഉപയോഗിക്കുന്നു എന്നുകാണാം

- **കയർ ഉല്പന്നനിർമ്മാണത്തത്തിന് ചകിരി അനുയോജ്യമാക്കുന്നതിന്**
- **ആവശ്യമായ നിറങ്ങൾ ചേർക്കുന്നതിന്.**
- **യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന്**
- **ഉല്പന്നവിതരണത്തിന്.**

(We can see how the laborers use their manpower if we visit a coir production unit)

- **To make coconut fibre suitable for coir manufacturing**
- **To dye suitably**
- **To operate the machinery**
- **For product distribution**



തൊഴിലാളികകൾക്ക് നൽകുന്ന അദ്ധ്വാനശേഷിക്കുള്ള പ്രതിഫലം കൂലിയാണ്.

(Wage is the reward for labour)

# തൊഴിലിന്റെ സവിശേഷതകൾ

- തൊഴിലിനായി പ്രയോഗിക്കുന്നത് അധ്വാനശേഷിയാണ്
- അധ്വാനശേഷി കരുതിവയ്ക്കാനാവില്ല.
- അധ്വാനശേഷി വർദ്ധിപ്പിക്കാം.
- അധ്വാനശേഷിയുടെ പ്രതിഫലം കൂലിയാണ്.
- കൂലി സാധനമായോ പണമായോ ലഭിക്കുന്നു.

# Feature of labour

- Human beings are the source of labour
- Labour cannot be separated from the labourer.
- Efficiency of labour differs.
- Labourers maintain skills.
- The remuneration paid for the sevices of labourer is called wages.

# Prepare a table showing physical and mental labour

| Physical labour | mental labour |
|---|---|
| Head load | Teaching |
| Agriculture | Medical service |
| Construction work | Engineering |
| Tarring work | Advocate |
| Fishing | Computer work |
| Coir work | Banking |
| Cashew work | Literary work |

# മൂലധനം (**capital**) ഫാക്ടറി ,യന്ത്രങ്ങൾ , കമ്പ്യൂട്ടർ ,വാഹനങ്ങൾ

- **ഒരു ഉല്പന്നം ഉല്പാദിപ്പിക്കുന്നതിനും ഉല്പാദനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ ഒന്നാണ് മൂലധനം. ഒരു ഉല്പന്നം ഉല്പാദിപ്പിക്കുന്നതിന് ഫാക്ടറി സ്ഥാപിക്കുക, യന്ത്രങ്ങൾ വാങ്ങുക, തൊഴിലാളികൾക്ക് വേതനം നൽകുക, ഉല്പന്ന നിമ്മാണത്തിന് ആവശ്യമായ അസംസ്കൃതവസ്തുക്കൾ വാങ്ങുക തുടങ്ങ വിവിധ ആവശ്യങ്ങൾക്ക് മൂലധനം ആവശ്യമാണ്. ഉല്പാദനത്തിന് ഉപയോഗിക്കുന്നതും കാണാനും സ്പർശിക്കാനും കഴിയുന്നതുമായ മനുഷ്യനിർമ്മിത വസ്തുക്കൾ മൂലധനം എന്നറിയപ്പെടുന്നു. ഉല്പാദന പ്രവർത്തനത്തിൽ ഉപയോഗിക്കാൻ കഴിയുന്ന യന്ത്രങ്ങൾ, വാഹനങ്ങൾ കമ്പ്യൂട്ടറുകൾ തുടങ്ങിയവ മൂലധനത്തിൽ ഉൾപ്പെടും**
- **Capital is essential for the production of a product and for providing the basic facilities for the same. It is necessary for establishing a factory, buying equipments, paying wages to labourers, buying raw materials for production and the like. Tangible and visible man-made things used for production are called capital. Computers, vehicles, and machines which can be in production are also considered as capital.**

**Features of capital**

- Capital helps the other factors of production.
- Capital enhances the production skills of the labourers.
- Capital has mobility.
- Man made
- Provide income to the producer

Like other factors of production, capital also gets reward. Interest is the reward for capital.

# മൂലധനത്തിന്റെ സവിശേഷതകൾ

*മനുഷ്യൻ മൂലധനം ഉണ്ടാക്കുന്നു

*മൂലധനം മറ്റു എല്ലാ ഉത്പാദന ഘടകങ്ങളെയും സഹായിക്കുന്നു.

*മൂലധനം തൊഴിലാളികളുടെ ഉല്പന്ന നിർമ്മാണത്തിനുള്ള ശേഷി വർദ്ധിപ്പിക്കുന്നു

*മൂലധനം ചലനാത്മകമാണ്

| ഭൗതികമൂലധനം | സ്ഥിരമൂലധനം | പ്രവർത്തന മൂലധനം | പണ മൂലധനം |
|---|---|---|---|
| (PHYSICAL CAPITAL) | Fixed capital | Working capital | Money capital |
| ഉല്പാദനത്തിന് ഉപ യോഗിക്കുന്ന കാണാനും തൊടാനും കഴിയുന്ന മനുഷ്യനിർമ്മിത വസ്തുക്കൾ ഫാക്ടറി ,യന്ത്രങ്ങൾ , കമ്പ്യൂട്ടർ ,വാഹനങ്ങൾ | ഉല്പാദനപ്രവർത്തനത്തിൽ തുടർച്ചയായി ഉപയോഗപ്പെടുത്താൻ കഴിയുന്ന ഭൗതിക മൂലധനം<br>× വൈദ്യുതി<br>× വാഹനം<br>× റെയിൽവേ | അസംസ്കൃതവസ്തുക്കൾ, ഉല്പന്നങ്ങളുടെ സ്റോക്ക് തുടങ്ങിയവ.<br>× ദൈനംദിനചെലവുകൾക്കുള്ള പണം ഇതിൽ ഉൾപ്പെടും | മൂലധന വസ്തുക്കൾ വാങ്ങുനതിനുള്ള പണമാണിത് |

# Organization( സംഘാടനം)

- Organization implies the co-ordination of various factors of production like land, labour, and capital. The person who co-ordinates is called an organizer or entrepreneur. Profit is the reward for the organizer.

- **ഉല്പാദന ഘടകങ്ങളായ** ഭൂമി ,തൊഴിൽ,മൂലധനം, എന്നിവ കൂട്ടിയോജിപ്പിക്കിലാണ് സംഘാടനം. സംഘാടനം നടത്തുന്ന വ്യക്തി സംഘാടകൻ/സംരംഭകൻ എന്നറിയപ്പെടുന്നു. ഒരു ഉല്പാദനഘടകമെന്ന നിലയിൽ സംഘാടനത്തിനുള്ള പ്രതിഫലം ലാഭമാണ്.


# സംഘാടനത്തിന്റെ സവിശേഷതകൾ

- മററ് ഉല്പാദനഘടകളെ കൂട്ടിയോജിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിക്കുകയാണ് ഉല്പാദകന്റെ ലക്ഷ്യം
- ഭൂമി, തൊഴിൽ, മൂലധനം എന്നീ ഘടകളെ സംഘാടകൻ കൂട്ടി യോജിപ്പിക്കുന്നു.
- പരിശീലനത്തിലൂടെ സംഘാടകന്റെ, കഴിവ് വർദ്ധിപ്പിക്കാം.
- സംഘാടകന്റെ, പ്രതിഫലം ലാഭം/നഷ്ടമാണ്


# Features of an organiser

- The ability to combine factors of production scientifically.
- Good planner.
- Good manager.
- Ability to make use of new ideas and methods of production.
- Profit /loss is the reward for the organizer

# സാമ്പത്തിക പ്രവർത്തനങ്ങളുടെ ചാക്രികപ്രവാഹം



# Circular flow of economic activities



- ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നത് ഉല്പാദനയൂണിററും ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഉപയോഗിക്കുന്നത് ഗാർഹിക യൂണിററുമാണ്.
- മനുഷ്യൻ ആവശ്യപൂർത്തീകരണത്തിനാണ് ഉല്പന്നങ്ങൾ ഉപയോഗിക്കുന്നത്.
- ഉല്പാദനയൂണിററുകൾക്ക് ഉല്പാദന ഘടകങ്ങളായ ഭൂമി, തൊഴിൽ, മൂലധനം സംഘാടനം എന്നിവ പ്രദാനം ചെയ്യുന്നത് ഗാർഹിക യൂണിററാണ്.
- ഉല്പാദന ഘടകങ്ങൾക്കുള്ള പ്രതിഫലമായി പാട്ടം,കൂലി,പലിശ,ലാഭം എന്നിവ ഉല്പാദനയൂണിററ് ഗാർഹിക യൂണിററിനു നൽകുന്നു.
- ഉല്പാദനയൂണിററ് ഗാർഹിക യൂണിററുകൾക്കാവശ്യമായ *സാധനങ്ങളും സേവനങ്ങളും* നൽകുന്നു.
- ഇതിന് പ്രതിഫലമായി ഗാർഹിക യൂണിററ് ഉല്പാദനയൂണിററുകൾക്ക് വില  പണമായി നൽകുന്നു.

- The  production unit produces goods and services and the household unit consumes them. We have seen that the products are consumed to satisfy human wants. Human wants are many. When we satisfy one want, another emerges. With change in wants, goods and services also change correspondingly and they need to be produced. Hence, this process is continuous..
- What all can be found out from the figure???
- The household unit supplies the land, labour, capital, and organization to the production unit.
- The household unit is given rent, wages, interest, profit, etc as reward by the production unit.
- The production unit supplies goods and services to the household unit.
- In exchange for the goods and services received, the household unit pays price to the production unit.

| factor of production (ഉല്പാദന ഘടകങ്ങൾ) | Rewards (പ്രതിഫലം) |
|---|---|
| ഭൂമി (Land) | പാട്ടം (rent) |
| തൊഴിൽ (Labour) | കൂലി (wages) |
| മൂലധനം (Capital) | പലിശ (interest) |
| സംഘാടനം (Organization) | ലാഭം (profit) |

# Identify the type of factors of pdn

| Item | land | capital | labour | organisation |
|---|---|---|---|---|
| Water | ○ | | | |
| Soil | ○ | | | |
| Equipment | | ○ | | |
| Workers | | | ○ | |
| building | | ○ | | |
| manager | | | | ○ |

BIO-VISION VIDEO BLOG

For more study materials send SMS to 8547378281 to join BIO-VISION'S Telegram/Whatsapp group

# PREPARED BY



1



2



3



4

1.VINOD VK, PMSAUPS RAMANKUTH ,NILAMBUR ,MALAPPURAM
2.RUPHANSE D ,GHS , MARUTHA
3.LINU SKARIA, CUPS KARAPPURAM
4.SADHAM HUSSAIN THANGAL,CUPS KARAPPURAM

**NILAMBUR SS TEACHERS**